# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 529 - 07.01.2014-ലെ മറുപടിക്ക്

## രഘുറാം രാജൻ സമിതി

**ചോദ്യം**

**ഡോ. ടി. എം. തോമസ് ഐസക്**
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. റ്റി. വി. രാജേഷ്**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) രഘുറാം രാജൻ സമിതി കേന്ദ്ര സർക്കാരിന് സമർപ്പിച്ച ശുപാർശകൾ, സംസ്ഥാനത്തെ സംബന്ധിച്ച് ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;<br>(ബി) പതിറ്റാണ്ടുകളിലൂടെ സാമൂഹ്യ ക്ഷേമ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളുടെ പേരിൽ കേന്ദ്ര ഫണ്ട് കുറയാനിടയാകുന്ന സാഹചര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;<br>(സി) കേന്ദ്ര ധനകമ്മീഷൻ റിപ്പോർട്ടിനെ നയിക്കുന്ന രഘുറാംരാജൻ സമിതി ഫോർമുല തള്ളിക്കളയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;<br>(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്ത സാഹചര്യമുള്ള കേരളത്തെ പരിഗണിക്കതായി പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്താൻ സാധ്യതയുണ്ടോ? | രഘുറാം രാജൻ സമിതി റിപ്പോർട്ട് നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനത്തിനുള്ള കേന്ദ്രവിഹിതം 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത നിലവിലുള്ള 2.45 ശതമാനത്തിൽ നിന്നും 0.38 ശതമാനമായി കുറയാൻ കാരണമാകുമെന്നതുകൊണ്ട് പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കരുതെന്നും കൂടാതെ വിഭവങ്ങളുടെ വിതരണത്തിനായി ധനകാര്യ കമ്മിഷന്റെയും ആസൂത്രണ കമ്മിഷന്റെയും നിർദ്ദേശങ്ങൾ തുടർന്നും പിൻതുടരണമെന്നും 01.10.2013-ൽ മുഖ്യമന്ത്രി പ്രധാനമന്ത്രിയ്ക്ക് അയച്ച കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. രഘുറാം രാജൻ സമിതി റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൻ മേൽ കേന്ദ്ര സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**